LIBRARY ARCHIVES Kerala Legislative Assembly

സെക്യൂരിറ്റികളിൽ നിക്ഷേപിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാലും ട്രഷറികളിൽ നിക്ഷേപം സ്വീകരിക്കുന്നതുമൂലം സംസ്ഥാന ഗവൺമെന്റിന് ഉണ്ടാകുന്ന ബാദ്ധ്യത നേരിടേണ്ടി വരുമെന്നതിനാലും ദേശീയ പെൻഷൻ പദ്ധതി ഫണ്ട് നിക്ഷേപിക്കുന്ന സംവിധാനത്തിൽ ഗവൺമെന്റ് സെക്യൂരിറ്റികളിൽ കേരള ഗവൺമെന്റ് ട്രഷറി കൂടി ഉൾപ്പെടുത്തുന്നതിന് സാധിക്കുകയില്ല.

(സി) ഭാരത സർക്കാർ നിർദ്ദിഷ്ട പദ്ധതിക്കായി നിയോഗിച്ച PFRDA (പെൻഷൻ ഫണ്ട് റെഗുലേറ്ററി ആന്റ് ഡവലപ്മെന്റ് അതോറിറ്റി) നിഷ്കർഷിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയതിനും പ്രസ്തുത പദ്ധതിക്ക് അനിവാര്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയതിനും ശേഷം 2014 ഫെബ്രുവരി മാസം മുതലാണ് ദേശീയ പെൻഷൻ പദ്ധതി സംസ്ഥാനത്ത് പ്രാവർത്തികമായിട്ടുള്ളത്. ടി പദ്ധതിയുടെ ഭാഗമായി സർക്കാർ വിഹിതമായി 2014 മാർച്ച് 31 വരെ 1.21 ലക്ഷവും ഏപ്രിലിൽ 14.95 ലക്ഷവും മേയ് മാസത്തിൽ 57.34 ലക്ഷവും ജൂണിൽ 90 ലക്ഷവും ജൂലൈയിൽ 1.24 കോടിയും ആഗസ്റ്റിൽ 1.355 കോടിയും സെപ്റ്റംബറിൽ 1.44 കോടിയും ഒക്ടോബറിൽ 1.725 കോടിയും കൈമാറിയിട്ടുണ്ട്. 2013 ഏപ്രിൽ മുതലുള്ള കുടിശ്ശിക തുക (ജീവനക്കാരന്റെ വിഹിതം സഹിതം) ഒടുക്കുന്നതിനുള്ള നടപടിക്രമം സർക്കാർ രൂപീകരിച്ചു വരികയാണ്.

പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി

113 (2351) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് സാമ്പത്തിക പ്രതിസന്ധി കാരണം നിർത്തിവച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) 2013-14, 2014-15 സാമ്പത്തിക വർഷത്തെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർക്ക് എത്ര കോടി രൂപയുടെ ബാദ്ധ്യതയാണ് കൊടുത്ത് തീർക്കാനുള്ളത്. വിശദമാക്കാമോ ;

(സി) കരാറുകാരുടെ ഏത് മാസം വരെയുള്ള ബില്ലുകളാണ് ഇതുവരെ പാസ്സാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) MLA-മാരുടെ മണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾപോലും ഏറ്റെടുത്ത് നടത്തുവാൻ കരാറുകാർ താൽപ്പര്യം കാണിക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന കരാറുകൾക്ക് ബിൽ പാസ്സാക്കി നൽകുന്നതിനുള്ള പ്രത്യേക സംവിധാനം ഏർപ്പെടുത്താമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് നിർത്തിവച്ചിട്ടില്ല.

(ബി) ഭരണ വകുപ്പിൽനിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 1-1-2014 മുതൽ 31-8-2014 വരെയുള്ള കാലയളവിലേക്ക് 1343.47 കോടി രൂപയും ഇതേ കാലയളവിലേക്ക് പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും ജലവിഭവ വകുപ്പിൽ 1-1-2014 മുതൽ 31-7-2014 വരെ 61.42 കോടി രൂപയും ഉൾപ്പെടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തു തീർക്കാനുണ്ട്.

(സി) കരാറുകാരുടെ 31-12-2013 വരെയുള്ള ബില്ലുകൾ മാറുന്നതിന് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികളുടെ ചെലവ്, ചീഫ് എഞ്ചിനീയർ കൺട്രോളിംഗ് ഓഫീസറായുള്ള ശീർഷകങ്ങളിൽ നിന്നും വഹിക്കുന്നുണ്ട്. അത്തരത്തിലുള്ള ശീർഷകങ്ങളിൽ ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നത് ബില്ലുകളുടെ സംസ്ഥാനതല മുൻഗണനാക്രമത്തിലാണ്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയുടെ CCC.803/2000-ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സഹായമുള്ള പദ്ധതികൾ, വിദേശ സഹായമുള്ള പദ്ധതികൾ, നബാർഡ് സഹായമുള്ള പദ്ധതികൾ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾക്ക് ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിക്കുന്നത് സംസ്ഥാനതല മുൻഗണനാക്രമത്തിലാണ്. ആയതിനാൽ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ പാസ്സാക്കി നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നത് ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള കോടതിവിധികളുടെ ലംഘനമാകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly